**14-ാം കേരള നിയമ സഭ**

**11-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3539** **20-06-2018 -ൽ മറുപടിയ്ക്ക്**

**ആശുപത്രികളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി**

**ചോദ്യം**

**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**

(എ) തിരുവനന്തപുരം, വയനാട് മെഡിക്കൽ കോളേജുകൾ അടക്കമുള്ള അഞ്ച് ആശുപത്രികളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണ്; കിഫ്ബിയിൽ നിന്ന് ഇതിനായി എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

**മറുപടി**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെയും വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെയും വികസനപ്രവർത്തനങ്ങൾക്കായി യഥാക്രമം 7,17,29,00,000/- 6,25,38,52,931/- രൂപയുടെയും ചിറയിൻകീഴ് താലൂക്ക് ഹോസ്പിറ്റലിന്റെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി 70,72,00,000/- രൂപയുടെയും കോട്ടയം ജനറൽ ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2,19,90,00,000/- രൂപയുടെയും മാവേലിക്കര ജില്ലാ ആശുപത്രിയിൽ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾക്കായി 1,26,55,00,000/- രൂപയുടെയും ഭരണാനുമതി നൽകുകയും ഈ പ്രോജക്ടുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിട്ടുള്ള INKEL ലിമിറ്റഡിനെ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടു കൂടിയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**